I/50035/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

## വിജ്ഞാപനം

## മെഡിക്കൽ അനുബന്ധ, ഫാർമസി ഓപ്ഷനുകൾ നിലനിർത്തുന്നതിനായി MBBS/BDS പ്രവേശനത്തിൽ നിന്നും വിടുതൽ വാങ്ങാൻ അവസരം

14.09.2023 – ലെ വിജ്ഞാപന പ്രകാരം MBBS/BDS കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റും മറ്റുള്ള മെഡിക്കൽ, മെഡിക്കൽ അനുബന്ധ, ഫാർമസി കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റും പ്രസിദ്ധീകരിച്ചിരുന്നു. MBBS/BDS കോഴ്സുകളിലേക്കുള്ള Stray Vacancy filling അല്ലോട്മെന്റിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. പുതിയതായി രജിസ്റ്റർ ചെയ്യുന്ന ഓപ്ഷനുകൾ മാത്രമാണ് Stray Vacancy filling അല്ലോട്മെന്റിൽ പരിഗണിക്കുന്നത്. ആയതിനാൽ MBBS/BDS കോഴ്സുകളിൽ നിലവിൽ പ്രവേശനത്തിലുള്ളവരുടെ ഹയർ ഓപ്ഷനുകൾ റദ്ദാകുന്നതും മെഡിക്കൽ, മെഡിക്കൽ അനുബന്ധ, ഫാർമസി കോഴ്സുകളിലേക്ക് തുടർന്ന് വരുന്ന അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. ആയതിനാൽ മുൻഘട്ടങ്ങളിലെ അലോട്ട്മെന്റ് പ്രകാരം MBBS/BDS കോഴ്സുകളിൽ പ്രവേശനം നേടിയിട്ടുള്ളതും ഇപ്പോഴും തുടരുന്നതുമായ വിദ്യാർത്ഥികൾക്ക് മറ്റുള്ള മെഡിക്കൽ, മെഡിക്കൽ അനുബന്ധ, ഫാർമസി കോഴ്സുകളിലേക്ക് അവർ രജിസ്റ്റർ ചെയ്തിട്ടുള്ള ഹയർ ഓപ്ഷനുകൾ, രണ്ടാംഘട്ട അലോട്ട്മെന്റിൽ പരിഗണിക്കപ്പെടണമെങ്കിൽ **21.09.2023 വൈകുന്നേരം 4.00 മണിക്കുള്ളിൽ** MBBS/BDS കോഴ്സുകളിൽ നിന്നും വിടുതൽ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ വിടുതൽ ചെയ്യുന്നവർക്ക് MBBS/BDS കോഴ്സുകളിലേയ്ക്കുള്ള Stray Vacancy Filling അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

I/50035/2023

കൂടാതെ ഇവർ MBBS/BDS കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റിനെ തുടർന്ന് പ്രവേശന പരീക്ഷാകമ്മീഷണർക്ക് ഒടുക്കിയിട്ടുള്ള ഫീസ് പിഴയായി കണക്കാക്കുന്നതും തിരികെ നല്കുന്നതുമല്ല. എന്നാൽ ഇവരുടെ മറ്റുള്ള മെഡിക്കൽ/മെഡിക്കൽ അനുബന്ധ/ ഫാർമസി കോഴ്സുകളിലെ ഹയർ ഓപ്ഷനുകൾ നിലനിൽക്കുന്നതും രണ്ടാംഘട്ട അലോട്ട്മെന്റിന്റെ അവസരത്തിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനം അനുസരിച്ച് ഓപ്ഷൻ Confirm ചെയ്യുന്നവരുടെ ഹയർ ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നതുമാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
19-09-2023

Signed by
Arun K Vijayan
Date: 19-09-2023 18:28:26

**പ്രവേശന പരീക്ഷാ കമ്മീഷണർ**